# ഭിന്നശേഷി കൂട്ടായ്മ

bhinnasheshi.com

Bhinnasheshi Kuttaima Reg. No. TVM/TC/192/2020

TC 65/600 1, Madathilnada, Thiruvallam PO,
Thiruvananthapuram, Kerala, Pin: 695027

## റിപ്പോർട്ട് 2020 - 21

2016 ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്ന 21 വിഭാഗം ഭിന്നശേഷി വിഭാഗങ്ങളുടെയും ക്ഷേമത്തിനായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി, തിരുവനന്തപുരം ആസ്ഥാനമായി ഭിന്നശേഷി കൂട്ടായ്മ എന്ന പേരിൽ സംഘടന രൂപീകരിച്ചു. 1955 ലെ 12-ാമത് തിരുകൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ സംഘങ്ങളുടെ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 2020 മാർച്ച് ഏഴിന് സംഘടന രജിസ്റ്റർ ചെയ്തു.

ഭിന്നശേഷി കൂട്ടായ്മ രൂപീകരിച്ച് ആഴ്ചകൾക്കുള്ളിൽ തന്നെ ലോകത്തെ നടുക്കിയ കോവിഡ് 19 മഹാമാരി സംഘടനയുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചു.

സംഘടനയുടെ ഔദ്യോഗിക വെബ് സൈറ്റിലൂടെയും സോഷ്യൽ മീഡിയകൾ വഴിയും പ്രവർത്തനങ്ങൾ തുടർന്നു. 2020 ഓഗസ്റ്റ് മുതൽ വെബ് സൈറ്റിലൂടെ ഓൺലൈൻ മെമ്പർഷിപ്പ് വിതരണം ആരംഭിച്ചു. 2021 ഫെബ്രുവരി 28 വരെ 47 പേർ സംഘടനയിൽ അംഗങ്ങളായി.

ഈ കാലയളവിൽ കേരളത്തിലെ ഭിന്നശേഷിക്കാർ നേരിടുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയ്ക്കും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്കും ബഹു. സാമൂഹ്യ നീതി വകുപ്പ് മന്ത്രിയ്ക്കും ഈമെയിൽ മുഖാന്തിരം നിവേദനങ്ങൾ നൽകി.

ഭിന്നശേഷി സംബന്ധമായ നിരവധി വിവരങ്ങൾ വെബ് സൈറ്റിലൂടെ പ്രസിദ്ധീകരിച്ചു. 2020-21 കാലഘട്ടത്തിൽ 51,082 പേർ ഭിന്നശേഷി കൂട്ടായ്മ വെബ്സൈറ്റ് സന്ദർശിച്ചു.

ഭിന്നശേഷി സൗഹൃദ വെബ്സൈറ്റ് വിഭാഗത്തിൽ 2020 ലെ ദേശീയ ഭിന്നശേഷി അവാർഡിനായി കൂട്ടായ്മയുടെ വെബ്സൈറ്റ് ശുപാർശ ചെയ്യാൻ തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് 2020 ഓഗസ്റ്റിൽ അപേക്ഷ നൽകി.

കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും സർവീസ് പെൻഷൻകാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രൂപീകരിക്കപ്പെട്ട പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ഭിന്നശേഷി കൂട്ടായ്മ ഭാരവാഹികളുമായി 2020 സെപ്തംബറിൽ ഗൂഗിൾ മീറ്റ് വഴി ചർച്ച നടത്തി.

2020-21 ൽ കൂട്ടായ്മ മൂന്ന് തവണ പൊതുയോഗം ചേർന്നു.

Ph: 7907356763, E-mail: info@bhinnasheshi.com, dapfkerala@gmail.com,
Web: bhinnasheshi.com, youtube/bhinnasheshi, facebook.com/mybhinnasheshi,
twitter.com/mybhinnasheshi, instagram.com/mybhinnasheshi